# കണ്ണൂർ സർവകലാശാല

പ്രസിദ്ധീകരണത്തിന് 28-12-2021

## 'സർവകലാശാലയെയും ഉന്നത വിദ്യാഭ്യാസത്തെയും സംരക്ഷിക്കുക'

കണ്ണൂർ : വസ്തുതാ വിരുദ്ധമായ പ്രചാരണങ്ങൾ നടത്തി സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്നവരുടെ സർവകലാശാല വിരുദ്ധ അജണ്ടകളെ കണ്ണൂർ സർവകലാശാല സെനറ്റ് യോഗം അപലപിച്ചു. സിൻഡിക്കേറ്റ് അംഗം എൻ.സുകന്യ അവതരിപ്പിച്ച ഔദ്യോഗിക പ്രമേയം ഇന്ന് ചേർന്ന സാധാരണ സെനറ്റ് യോഗം വോട്ടിനിട്ട് പാസാക്കി. സർവകലാശാലയെ സംരക്ഷിക്കാനെന്ന പേരിൽ ചിലർ അപവാദങ്ങളും വസ്തുതാ വിരുദ്ധ വാർത്തകളും നിരന്തരം പ്രചരിപ്പിക്കുകയാണെന്ന് പ്രമേയം കുറ്റപ്പെടുത്തി. സർവകലാശാലയിലെ ഉന്നത സമിതികളിൽ അംഗങ്ങളായവർ തന്നെയാണ് ഇത്തരത്തിൽ വ്യാജ വാർത്തകൾ ചമച്ച് കോടതിയിൽ കേസുകളുമായി കയറിയിറങ്ങുന്നത്. സർവകലാശാലയുടെ അക്കാദമിക പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി ഒരുമിച്ച് നിൽക്കണമെന്നും പ്രമേയം അഭ്യർത്ഥിച്ചു.

ശ്രീമതി സോന പി. അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് യോഗം അംഗീകാരം നൽകി. ഉന്നത വിദ്യാഭ്യാസ രംഗത്തെ ലോകത്തിന് തന്നെ മാതൃകയാകുന്ന വിധത്തിൽ കാലോചിതമായ പരിഷ്ക്കരിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തുന്ന അക്കാദമിക ചുവടുവെയ്പ്പിന് ഒപ്പം നിന്നുകൊണ്ട് കണ്ണൂർ സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കൊളേജുകളിലെയും വിദ്യാർഥികളും രക്ഷകർത്താകളും അധ്യാപകരും ജീവനക്കാരും മറ്റ് വിദ്യാഭ്യാസതത്പരരും ആവശ്യമായ നിർദേശങ്ങൾ നൽകി ജനകീയ വിദ്യാഭ്യാസ പരിഷ്ക്കരണത്തെ കൂടുതൽ സാമൂഹികവത്ക്കരിക്കുന്നതിനും ജനകീയവത്ക്കരിക്കുന്നതിനും പങ്കുവഹിക്കണമെന്ന് അടിയന്തര പ്രമേയം ആവശ്യപ്പെട്ടു. അവതരിപ്പിച്ച 17 പ്രമേയങ്ങളിൽ 17 ഉം യോഗം അംഗീകരിച്ചു.

**യോഗം അംഗീകരിച്ച മറ്റ് പ്രമേയങ്ങൾ**

- ഗവേഷണ വിഭാഗം ഗവേഷണ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ഡോ. വിജയൻ കെ.യുടെ പ്രമേയം അംഗീകരിച്ചു.
- പരീക്ഷ വിഭാഗത്തിൽ സമഗ്രമായ സോഫ്റ്റ്‌വെയർ സംവിധാനം സത്വരമായി നടപ്പാക്കണം എന്ന സാജു പി.ജെ. യുടെ പ്രമേയം അംഗീകരിച്ചു.
- എയ്ഡഡ് കോളെജുകളിലെ സ്ക്രീനിംഗ് കമ്മിറ്റിയിൽ കേരളത്തിലെ സർവകലാശാലകളിലെ വിദഗ്ദരെ കൂടുതലായി ഉൾപ്പെടുത്തണമെന്ന ഡോ. ഇസ്മയിൽ ഒലയിക്കരയുടെ പ്രമേയം അംഗീകരിച്ചു.
- ചില സ്വാശ്രയ കോളജുകളിലെ പരീക്ഷാനടത്തിപ്പിൽ ക്രമക്കേടുകൾ തുടർച്ചയായി റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ സുതാര്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഡോ. ഷനോജ് എം.പിയുടെ പ്രമേയം അംഗീകരിച്ചു.
- സർവകലാശാലയുടെ കത്തിടപാടുകളിൽ പരാമവധി ഭരണഭാഷയായ മലയാളം ഉപയോഗിക്കാൻ നടപടി സ്വീകരിക്കണമെന്ന ഡോ. മഞ്ചുള കെ.വിയുടെ പ്രമേയം അംഗീകരിച്ചു.
- പ്രൈവറ്റ് രജിസ്ട്രേഷൻ സംബന്ധിച്ച് പ്രവർത്തനങ്ങൾ വേഗത്തിൽ ആക്കണമെന്നും കൂടുതൽ വിദ്യാർഥി സൗഹൃദപരമായി തുടർ നടപടി സ്വീകരിക്കണമെന്നും ഉള്ള സോന പി.യുടെ പ്രമേയം അംഗീകരിച്ചു.
- യുജി സ്പോട്ട് അഡ്മിഷനുമായി ബന്ധപ്പെട്ട സങ്കീർണതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് ഡോ. ജയകൃഷ്ണൻ ടി.വി.യുടെ പ്രമേയം അംഗീകരിച്ചു.
- താവക്കര ക്യാമ്പസിൽ കൂടുതൽ പഠന വകുപ്പുകൾ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കണമെന്ന സാജു പി.ജെ.യുടെ പ്രമേയം അംഗീകരിച്ചു.

സർവകലാശാലയുടെ താവക്കര ആസ്ഥാനത്ത് നടന്ന യോഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ഇൻ ചാർജ് ഡോ ജോബി കെ. ജോസ്, സിൻഡിക്കേറ്റ് അംഗങ്ങൾ അടക്കം 39 പേർ യോഗത്തിൽ സന്നിഹിതരായിരുന്നു. ഒരു മണിക്കൂർ നീണ്ട ചോദ്യോത്തര വേളയിൽ 28 ചോദ്യങ്ങൾ ചോദിക്കുകയും സിൻഡിക്കേറ്റ് അംഗങ്ങൾ മറുപടി നൽകുകയും ചെയ്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ,